**POLICE** **DEPARTMENT**

**KERALA**

**No. G2-53382/2024/MM**
District Police Office,
Malappuram
✉spmpm.pol@kerala.gov.in
✆04832734983
Dated. 13-01-2025

**പുനർലേല പരസ്യം**

മലപ്പുറം ജില്ലാ പോലീസിനു കീഴിലെ നിലംബൂർ പോലീസ് സ്റ്റേഷൻറെ കൈവശമുള്ള നിലംബൂർ DYSP ഓഫീസ് പരിസരത്തുള്ള 1/113, 1/114 എന്നീ നമ്പർ പഴയ ക്വാർട്ടേഴ്സ് കെട്ടിടങ്ങൾ പൊളിച്ച് നിക്കുന്നതിനായി **29/01/2025** തിയ്യതി കാലത്ത് 11.00 മണിക്ക് മലപ്പുറം ജില്ലാ നിലംബൂർ പോലീസ് സ്റ്റേഷൻ പരിസരത്ത് വെച്ച് പരസ്യമായി പുനർലേലം ചെയ്ത് നൽകുന്നതാണ്.

**നിബന്ധനകൾ**

1. ലേലത്തിൽ പങ്ക് കൊള്ളുവാൻ ആഗ്രഹിക്കുന്നവർ 24000/- ( ഇരുപത്തിനാലായിരം രൂപ മാത്രം) നിരദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. കൂടാതെ ടിയാളുടെ തിരിച്ചറിയൽ രേഖകളും മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖകളും ലേലം തുടങ്ങുന്നതിനു മുമ്പ് തന്നെ ലേലം നടത്തുന്ന ഉദ്യോഗസ്ഥരെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ, തപാൽ മുഖേനയോ നിശ്ചിത നിരത ദ്രവ്യമായ തുക അടച്ചതിൻറെ demand draft ( മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ പേരിൽ ) സഹിതം 28/01/2025 നു വൈകിട്ട് 5 മണി വരെ മലപ്പുറം ജില്ലാ പോലീസ് മേധാവിയുടെ ആഫീസിൽ സ്വീകരിക്കുന്നതാണ്. "മലപ്പുറം ജില്ല, നിലംബൂർ പോലീസ് സ്റ്റേഷൻറെ കൈവശമുള്ള പഴയ കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനുള്ള ദർഘാസ്" എന്ന് സീൽ ചെയ്ത കവറിനു മുകളിൽ വ്യക്തമായി രേഖപ്പെടുത്തണം. പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ ഏതിലാണ് കൂടുതൽ തുക, ആയതിനു ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ്.

2. ലേലം കൊണ്ടയാൾ നിരത ദ്രവ്യം ഉൾപ്പെടെ ലേലത്തുകയുടെ പകുതിയും മുഴുവൻ തുകയുടെ നിയമാനുസൃതമായ നികുതികളും (GST, IT) ലേല ദിവസം തന്നെ അടച്ച രസീതി കൈപ്പറ്റേണ്ടതാണ്.

3. ലേലത്തിൽ പങ്കെടുക്കുന്നവരുടെ നിരത ദ്രവ്യം (ലേലം കൊണ്ടയാളുടെതൊഴികെ) ലേലം കഴിഞ്ഞ ഉടനെ തന്നെ തിരിച്ചു നൽകുന്നതാണ്.

4. ലേലം കൊണ്ടയാൾ, ലേലം സ്ഥിരപ്പെടുത്തിയതിനു ശേഷം ബാക്കി തുക അടച്ച്, പത്ത് ദിവസത്തിനകം കെട്ടിടങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും പൊളിച്ച് മാറ്റി സാധനസാമഗ്രഹികൾ ടി സ്ഥലത്തുനിന്നു പൂർണമായി നീക്കം ചെയ്യേണ്ടതാണ്.

5. ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ പാലിക്കാത്ത പക്ഷം പുനർ ലേലം നടത്തുന്നതും പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുന്ന പക്ഷം ടി നഷ്ടം മുൻ ലേലക്കാരനിൽനിന്നും ഈടാക്കുന്നതുമായിരിക്കും. പുനർലേലത്തിൽ അധികതുക ലഭിക്കുകയാണെങ്കിൽ ആയതിനു മുൻ ലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

6. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സമ്മതത്തോട് കൂടി പ്രവൃത്തി ദിവസങ്ങളിൽ ലേലം വിളിക്കപ്പെടുന്ന കെട്ടിടങ്ങൾ നേരിട്ടുകാണാവുന്നതാണ്.

7. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം മാറ്റി വെക്കാനും അസ്ഥിരപ്പെടുത്തുവാനുമുള്ള അധികാരം മലപ്പുറം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.



VISWANADH R IPS
District Police Chief

| | | |
|---|---|---|
| To | : | 1.എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും, കമാൻറ്റൻറ്റമാർക്കും അറിവിനും വ്യാപകപരസ്യം നൽകുന്നതിനുമായി . 2. ജിലാ ഇൻഫർമേഷൻ ഓഫീസർ മലപ്പുറം (ഉപരിപത്രം സഹിതം ) പത്ര പരസ്യം നൽകുന്നതിനായി. |
| Copy To | : | ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിനും വ്യാപകമായ പരസ്യം ചെയ്യുന്നതിനുമായി. ലേലം കമ്മറ്റിയുടെ അറിവിലെക്കായ്, ജില്ലാ പോലീസ് മേധാവിയുടെ സി എ ക്കു അറിവിലെക്കായ്. ലൈസൻ ആഫീസർക്ക് അറിവിനും തുടർ നടപടികൾക്കുമായി. |